(2) ബി.എസ്.ഇ.എസ്. കമ്പയിൻഡ് സൈക്കിൾ പ്രോജക്ട്, കൊച്ചി (165.6 മെഗാവാട്ട്) 3.5.1999-ൽ പി.പി.എ. ഒപ്പു വച്ചു.

മേൽപ്പറഞ്ഞ പദ്ധതികൾ 0.8 പ്ലാന്റ് ലോഡ് ഫാക്ടറികൾ പ്രവർത്തിക്കുമ്പോൾ ഉല്പാദിപ്പിക്കുന്ന കറന്റ് മുഴുവൻ വിദ്യുച്ഛക്തി ബോർഡ് വാങ്ങി കൊള്ളാമെന്നും ഈ കറന്റിനുള്ള വില അതതു സമയത്ത് നിലവിലുള്ള ഇന്ധനവിലയുടേയും രൂപയുടെ വിനിമയ നിരക്കിന്റേയും അടിസ്ഥാനത്തിൽ തിട്ടപ്പെടുത്തി കൊടുക്കാമെന്നും എഗ്രിമെന്റിൽ നിബന്ധനയുണ്ട്. കൂടാതെ പദ്ധതിയുടെ നിർമ്മാണം, പ്രവർത്തനം മീറ്ററിംഗ്, ബില്ലിംഗ് ആന്റ് പേമെന്റ്, ടെർമിനേഷൻ, പെനാൽറ്റി എന്നിവ സംബന്ധിച്ച നിബന്ധനകളും പ്രതിപാദിച്ചിട്ടുണ്ട്.

മേൽപ്പറഞ്ഞ രണ്ടു താപവൈദ്യുത പദ്ധതികൾക്കുപുറമേ താഴെപ്പറയുന്ന ചെറുകിട ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുന്നതിനും പ്രാഥമിക കരാർ ഒപ്പു വച്ചിട്ടുണ്ട്.

പദ്ധതിയുടെ പേര്	ഒപ്പുവച്ച തീയതി
1. പുന്നപ്പുഴ (2.4 മെഗാവാട്ട്)	22.1.1998
2. കാന്തൻപാറ (1.2 മെഗാവാട്ട്)	17.1.1998
3. തൂവൽ (1.00 മെഗാവാട്ട്)	17.1.1998
4. കിഷുമം (3.30 മെഗാവാട്ട്)	17.1.1998
5. അടിയൻപാറ (2.5 മെഗാവാട്ട്)	14.1.1998
6. അരിപ്പാറ (3.00 മെഗാവാട്ട്)	14.1.1998
7. പശുക്കടവ് (2.5 മെഗാവാട്ട്)	14.1.1998
8. കൊക്കുമുല്ല (2.00 മെഗാവാട്ട്)	14.1.1998

ഇതിൽ 5 മുതൽ 8 വരെയുള്ള 4 പദ്ധതി നടപ്പിലാക്കുന്നതിൽ നിന്ന് സ്വകാര്യസംരംഭകർ പിന്നീട് പിൻമാറി. മറ്റ് നാല് പദ്ധതികളുടെ അന്തിമ കരാർ ഇതുവരെ ഒപ്പു വച്ചിട്ടില്ല.

111 (3294) മാനന്തവാടി ജലവൈദ്യുത പദ്ധതി

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി ജലവൈദ്യുത പദ്ധതി നടപ്പാക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് അന്തിമ തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) ഇപ്പോൾ ഈ പദ്ധതിയെക്കുറിച്ച് വിശദമായ അന്വേഷണം നടക്കുന്നുണ്ടോ;

(സി) വിശദമായ അന്വേഷണം നടത്തുന്നതിന് ആവശ്യമായ ഉദ്യോഗസ്ഥന്മാരെ നിയമിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഓരോ കാറ്റഗറിയിലും എത്ര ഉദ്യോഗസ്ഥന്മാർ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) ഈ പദ്ധതിക്കാവശ്യമായ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) എങ്കിൽ ഏതൊക്കെ തരത്തിലുള്ള കെട്ടിടങ്ങളാണെന്നും ഏതൊക്കെ ആവശ്യങ്ങൾക്കാണെന്നും വ്യക്തമാക്കുമോ;

(ജി) ഈ കെട്ടിടങ്ങളുടെ നിർമ്മാണത്തിന് മതിപ്പ് ചെലവ് എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ?

ഉത്തരം

(എ) ഇല്ല. ഈ കാര്യം ഗവൺമെന്റിന്റെ പരിഗണനയിലാണ്.

(ബി)&(സി) ഉണ്ട്.

(ഡി) ഇതു സംബന്ധിച്ച് 13.7.99-ൽ നിലവിലുള്ള ഉദ്യോഗസ്ഥന്മാരുടെ കണക്ക് ചുവടെ ചേർക്കുന്നു.

വിഭാഗം	അംഗീകരിച്ച ആൾ ബലം	നിലവിലുള്ള ആൾ ബലം
എക്സി:എഞ്ചിനീയർ	1	1
അസി:എക്സി: എഞ്ചിനീയർ	2	2
അസി: എഞ്ചിനീയർ	3	2
സബ് എഞ്ചിനീയർ	5	2
സീനിയർ അസിസ്റ്റന്റ്	2	(താൽക്കാലികം 2 (1) റഗുലർ (1) വർക്കിംഗ് അറേഞ്ച്മെന്റ്
ഡ്രൈവർ	3	2(താൽക്കാലികം)
ഫോർമാൻ	1	-

(ഇ)-(ജി) ഈ പദ്ധതിക്കാവശ്യമായ കെട്ടിടങ്ങൾ തൽക്കാലം നിർമ്മിക്കേണ്ടതില്ലെന്ന് ബോർഡ് തീരുമാനിച്ചിട്ടുണ്ട്.

112 (3295) പെരുന്തേനരുവി, മാടത്തരുവി, പെരുനാട് ജലവൈദ്യുത പദ്ധതികൾ

ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുന്തേനരുവി, മാടത്തരുവി, പെരുനാട് ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുവാൻ എന്തൊക്കെ നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത്;

(ബി) റാന്നി-പെരുനാട് 33 കെ.വി. സബ്സ്റ്റേഷൻ ആരംഭിക്കുവാൻ സ്ഥലം ഏറ്റെടുക്കൽ നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദീകരിക്കുമോ;

(സി) സബ്സ്റ്റേഷന്റെ നിർമ്മാണം എപ്പോൾ ആരംഭിക്കും; ഇത് എപ്പോൾ കമ്മീഷൻ ചെയ്യുവാനാണ് ഉദ്ദേശിക്കുന്നത്?

LIBRARY ARCHIVES Kerala Legislative Assembly